# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കര്‍മ്മ പദ്ധതികളില്‍ ആഭ്യന്തര വകുപ്പില്‍ നടപ്പിലാക്കപ്പെട്ടവ</u>

2103 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011 നവംബറില്‍, മുഖ്യമന്ത്രി പ്രഖ്യാപിച്ച കര്‍മ്മ പദ്ധതികളില്‍, ആഭ്യന്തര വകുപ്പില്‍ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂര്‍ത്തീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) പൂര്‍ത്തീകരിച്ച ഓരോ പദ്ധതികളുടെയും വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ക്രമസമാധാനപാലനത്തിന് ദേശീയതലത്തിൽ അംഗീകാരം

2104 ശ്രീ. വി. ഡി. സതീശൻ
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-ലെ ക്രമസമാധാനപാലനത്തിന് ദേശീയതലത്തിൽ, സംസ്ഥാനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം അംഗീകാരങ്ങളാണ് ഇക്കാര്യത്തിൽ ലഭിച്ചിട്ടുള്ളത് ;

(സി) മുൻവർഷങ്ങളിൽനിന്നും എത്രമാത്രം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ക്രമസമാധാന തകര്‍ച്ച

2105 ശ്രീ. ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷന്‍
,, ബി. ഡി. ദേവസ്സി
,, പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ക്രമസമാധാന പരിപാലനം തകരാറിലായതും പലതരത്തിലുള്ള മാഫിയകള്‍ സാമൂഹ്യജീവിതത്തില്‍ പിടിമുറുക്കിയിരിക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരമൊരു സ്ഥിതിവിശേഷം സംജാതമായതിനും ഒട്ടേറെ ആക്ഷേപങ്ങള്‍ ഉയര്‍ന്നുവരാനിടയായ സാഹചര്യവും സംബന്ധിച്ച് അവലോകനം നടത്തുകയുണ്ടായോ;

(സി) ഇത്തരം അവസ്ഥയില്‍ ജനങ്ങള്‍ക്ക് സൈ്വര്യജീവിതം ഉറപ്പാക്കാനും മാഫിയകളെ നിയന്ത്രിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികള്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കേരള സിവിൽ പോലീസ് കേഡർ</u>

2106 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസിനെയും, സായുധസേനയും തമ്മിൽ യോജിപ്പിച്ച്, കേരളാ സിവിൽ പോലീസ് കേഡർ നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഏതു തസ്തികവരെയുള്ള സംയോജനമാണ് പൂർണ്ണമായി നിലവിൽ വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ദേശവിരുദ്ധ പ്രവർത്തന സംഘം

2107 ശ്രീ. പി.കെ.ഗുരുദാസൻ
''എസ്. രാജേന്ദ്രൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘം കേരളത്തിലുള്ളതായി പോലീസിന് വിവരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, സംഘത്തിന്റെ പ്രവർത്തനം പോലീസ് നിരീക്ഷിക്കുന്നുണ്ടോ;

(ബി) കഴിഞ്ഞ നവംബറിൽ കൊല്ലം കിളികൊല്ലൂരിൽ നിന്നും പതിനാറുകാരനെ തട്ടിക്കൊണ്ടു പോയ ആളിന്റെ ദേശവിരുദ്ധപ്രവർത്തനസംഘവുമായുള്ള ബന്ധം സംബന്ധിച്ച് അന്വേഷിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; തട്ടിക്കൊണ്ടുപോയ ആളിനെ അറസ്റ്റു ചെയ്തു കോടതിയിൽ ഹാജരാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) ഇതിനിടയിൽ പ്രതി മുൻകൂർ ജാമ്യത്തിന് കോഴിക്കോട് സെഷൻസ് കോടതിയിൽ അപേക്ഷ നൽകിയതായി അറിയാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ദേശീയഗാനത്തോടുള്ള അനാദരവ്

2108 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയഗാനത്തോട് അനാദരവ് കാട്ടിയെന്ന കേസിൽ കുറ്റവിമുക്തനാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജി ഹൈക്കോടതിയുടെ പരിഗണനയിലിരിക്കെ, കേന്ദ്ര മന്ത്രി ശ്രീ. ശശി തരൂർ ബഹു. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ സന്ദർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിയെക്കുറിച്ച് കേരള ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും പരാമർശം ഉണ്ടായിട്ടുള്ളതായി അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ക്രൈം ആന്റ് ക്രിമിനിൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

2109 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ നടപ്പിലാക്കുന്ന ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ പോലിസ് സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഏതൊക്കെ സ്റ്റേഷനുകളിലാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) പൊതുജനങ്ങൾക്ക് ഈ പദ്ധതികൊണ്ട് എന്തൊക്കെ സേവനങ്ങളാണ് ലഭിക്കുക ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സി. ബി. ഐ. അന്വേഷണം</u>

2110 ശ്രീ. ഇ. പി. ജയരാജൻ
,, ബി. സത്യൻ
,, കെ. ദാസൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് കണ്ടുവെന്ന് കെ. സുധാകരൻ എം.പി. വെളിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, സി. ബി. ഐ. അന്വേഷണം നടക്കുന്നതായി അറിവുണ്ടോ ;

(ബി) തങ്ങൾ അന്വേഷണം നടത്തുന്നില്ലെന്ന് സി. ബി. ഐ. ചെന്നൈ യൂണിറ്റ് കത്തുവഴി, സംസ്ഥാന ആഭ്യന്തര വകുപ്പിനെ അറിയിച്ചിട്ടുണ്ടായിരുന്നോ ;

(സി) സി. ബി. ഐ. അന്വേഷണം നടത്തുന്നതിനാൽ പോലിസ് കേസ് എഴുതിത്തള്ളണമെന്ന് വിജിലൻസ് പ്രത്യേക കോടതിയിൽ, പോലീസ് ആവശ്യപ്പെടുകയും അത്, കോടതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടോ ;

(ഡി) അന്വേഷണം തങ്ങൾ നടത്തുന്നില്ലെന്നറിയിച്ചുകൊണ്ടുള്ള സി. ബി. ഐ. യുടെ കത്ത് മറച്ചുവെച്ചുകൊണ്ട് വിജിലൻസ് പ്രത്യേക കോടതിക്ക് റിപ്പോർട്ട് നൽകിയത് ആരാണ് ; ആരുടെ നിർദ്ദേശത്തെ തുടർന്നായിരുന്നു ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഏതെല്ലാം കേസുകളാണ് ഇപ്പോൾ നിലവിലുള്ളത് ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഹൈലി സെൻസിറ്റീവ് ഏരിയകൾ</u>

2111 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങളാണ് ഹൈലി സെൻസിറ്റീവ് ഏരിയയായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ സമാധാനം നിലനിർത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ക്രൈംബ്രാഞ്ചിനും സി.ബി.ഐ യ്ക്കും കൈമാറിയിട്ടുള്ള കേസ്സുകൾ</u>

2112 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ എത്ര കേസ്സുകൾ ക്രൈംബ്രാഞ്ചിനും സി.ബി.ഐ യ്ക്കും കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഏതൊക്കെ കേസ്സുകളാണ് ക്രൈംബ്രാഞ്ചിനും സി.ബി.ഐ. യ്ക്കും കൈമാറിയതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മലബാർ സിമന്റ്സ് അഴിമതിക്കേസ്, സംബന്ധിച്ച സി.ബി.ഐ അന്വേഷണം

2113 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ അഴിമതി സംബന്ധിച്ച് അന്വേഷിക്കുന്നതിന് സി.ബി.ഐ യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ, വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സർക്കാർ സംവിധാനങ്ങളെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി</u>

2114 ശ്രീ. ഇ.പി. ജയരാജൻ
,, എം.ഹംസ
,, എ. പ്രദീപ്കുമാർ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സകല സംവിധാനങ്ങളേയും രാഷ്ട്രീയ പ്രതിയോഗികളെ നേരിടാനും കള്ളകേസുകളുണ്ടാക്കി കുടുക്കാനും ഉപയോഗിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആക്ഷേപങ്ങൾക്കിടയായ നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് പരിശോധിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ദിശയിലുള്ള നടപടികൾക്കെതിരെ സംസ്ഥാനത്ത് ജനങ്ങളുടെ പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവരുന്നതായി അറിയാമോ;

(സി) സർക്കാർ സംവിധാനങ്ങളെ നിഷ്പക്ഷമായി പ്രവർത്തിപ്പിക്കാനും ജനങ്ങളിൽ ആ വിശ്വാസം വീണ്ടെടുക്കാനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

2115 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമപ്രകാരം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസ്സുകളിൽ കോടതിയിൽ എഫ്.ഐ.ആർ. നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് കണക്ക് നൽകുമോ ;

(സി) പട്ടികജാതിക്കാർക്കെതിരായ അതിക്രമങ്ങളെ സംബന്ധിച്ച് ദേശീയ പട്ടികജാതി കമ്മീഷന് ലഭിച്ച എത്ര പരാതികളിൽ കേരളാ പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവ ഏതെല്ലാമെന്നും, റിപ്പോർട്ട് നൽകിയവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

മെഡിക്കൽ കോളേജ് വിദ്യാർത്ഥിയെ ജാതിപ്പേര് വിളിച്ചു കളിയാക്കിയത് സംബന്ധിച്ച കേസ്

2116 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ വിദ്യാർത്ഥിയായ പട്ടികജാതി വിഭാഗത്തിൽപ്പട്ട വിദ്യാർത്ഥിയെ ജാതിപ്പേര് വിളിച്ചുകളിയാക്കിയത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ, ഏത് നിയമം അനുസരിച്ചാണ് കേസ് എടുത്തത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആർ.-ന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസിന്റെ ചാർജ് ഷീറ്റ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, ജാതി പറഞ്ഞ് ആക്ഷേപിച്ച ജീവനക്കാരിക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത ജീവനക്കാരിക്ക് ഈ സംഭവത്തിനുശേഷം പ്രൊമോഷൻ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആദിവാസി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2117 ശ്രീ. ബാബു എം.പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ, എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്;

(സി) ആദിവാസി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസ് മർദനം</u>

2118 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര പേർ, പോലീസ് സ്റ്റേഷനുകളിൽ മർദ്ദിക്കപ്പെടുകയുണ്ടായി;

(ബി) ആദിവാസി വിഭാഗത്തിൽപ്പെട്ടവർ മർദ്ദിക്കപ്പെട്ടത് സംബന്ധിച്ച് എത്ര കേസ്സുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ആദിവാസികൾക്ക് നേരേയുള്ള അതിക്രമങ്ങൾ

2119 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറിയശേഷം ആദിവാസികൾക്ക് നേരേയുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർ പ്രതികളാണ്; എത്ര പേരെ അറസ്റ്റു ചെയ്തു; എത്ര കേസ്സുകൾ കോടതിയിലെത്തി; എത്ര പേർ ശിക്ഷിക്കപ്പെട്ടു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലേറിയശേഷം ആദിവാസി സ്ത്രീകൾക്ക് നേരേയുണ്ടായ ബലാൽസംഗം ഉൾപ്പെടെയുള്ള പീഡനങ്ങൾക്ക് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേർ പ്രതികളാണ്; എത്ര പേരെ അറസ്റ്റ് ചെയ്തു. എത്ര കേസ്സുകൾ കോടതിയിലെത്തി; എത്ര പേർ ശിക്ഷിക്കപ്പെട്ടു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ആദിവാസി സ്ത്രീകളെ പീഡിപ്പിച്ച കേസ്സുകളിൽ പോലീസ് ഉദ്യോഗസ്ഥരോ; സർക്കാർ ജീവനക്കാരോ പ്രതികളായിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ട വർക്കെതിരെ അതിക്രമങ്ങൾ</u>

2120 ശ്രീ എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുള്ള എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഓരോന്നിന്റെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഇതിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

കൃഷ്ണ എന്ന പട്ടികജാതി പെണ്‍കുട്ടിയുടെ മാനഭംഗക്കേസ്

2121 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം താലൂക്കില്‍ കൃഷ്ണയെന്ന പെണ്‍കുട്ടിയെ ക്ലോറോഫോം ഉപയോഗിച്ച് ബോധം കെടുത്തി മാനഭംഗത്തിനിരയാക്കി എന്ന പരാതിയിന്മേല്‍ പോലീസ് കേസ് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ കേസ് എടുത്തിരിക്കുന്നത് ഷെഡ്യൂള്‍ക്ക് കാസ്റ്റ് & ഷെഡ്യൂള്‍ഡ് ട്രൈബ് പ്രിവന്‍ഷന്‍ ഓഫ് അട്രോസിറ്റീസ് ആക്ട് 1989 പ്രകാരമാണോ;

(സി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആര്‍ -ന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസില്‍ എത്ര പ്രതികളാണ് ഉള്‍പ്പെട്ടിട്ടുള്ളത്;

(ഇ) ക്രൂരമായ ആക്രമണത്തിന് ഇരയായ പെണ്‍കുട്ടിയെ നിയമപരമായും സാമൂഹ്യപരമായും ചികിത്സാപരമായും സഹായിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) വാസയോഗ്യമായ ഒരു വീട്പോലുമില്ലാത്ത പ്രസ്തുത പെണ്‍കുട്ടിയുടെ കുടംബത്തിന് മതിയായ സാമ്പത്തിക സഹായം ലഭ്യമാക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസ്സുകളുടെ എണ്ണം</u>

2122 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 വർഷത്തിൽ സംസ്ഥാനത്ത് കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ 10 വയസ്സിൽത്താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ എത്രയെണ്ണമുണ്ട്;

(സി) 10-നും 18-നും ഇടയിൽ പ്രായമുള്ള കുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ എത്രയെണ്ണമുണ്ട്;

(ഡി) കേരളീയസമൂഹത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ‘ജനമൈത്രി പോലീസ്’ സംവിധാനം കൂടുതൽ വ്യാപകമാക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കേസ് വിചാരണ നീണ്ടുപോകൽ</u>

T 2123 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഡിസംബറിൽ ബംഗാളിൽ നിന്നും കേരളത്തിലെത്തി കൂട്ട ബലാത്സംഗത്തിന് വിധേയയായ പെൺകുട്ടിയുടെ കേസു വിചാരണ നീണ്ടു പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസ് ഫാസ്റ്റ് ട്രാക്ക് കോടതിയെ ഏൽപ്പിക്കാൻ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ</u>

2124 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ സ്ത്രീകൾക്കെതിരെ എത്ര അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്റ്റേഷനുകളിലാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായി നടക്കുന്ന അതിക്രമങ്ങൾ

2125 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലിടങ്ങളിൽ സ്തീകൾക്കെതിരായി നടക്കുന്ന അതിക്രമങ്ങൾക്കെതിരെ എത്ര പരാതികൾ വന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ സ്വീകരിച്ച നടപടി</u>

2126 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള ലൈംഗികമായ കയ്യേറ്റങ്ങളെ തടയുവാൻ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ശിക്ഷ വർദ്ധിപ്പിക്കുവാനുള്ള എന്തെങ്കിലും നിയമ ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കോടതി വിധി പറയാനുള്ള സ്ത്രീപീഡനക്കേസുകള്‍</u>

2127 ശ്രീ. അബദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നശേഷം സ്ത്രീപീഡന കേസ്സുകളില്‍ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നു വിശദമാക്കാമോ;

(ബി) രജിസ്റ്റര്‍ ചെയ്ത കേസുകളില്‍ എത്രയെണ്ണം കോടതിയാല്‍ വിധി പറയാനായി ബാക്കിയുണ്ടെന്ന് അറിയിക്കാമോ ;

(സി) സ്ത്രീപീഡനക്കേസുകള്‍ സമയബന്ധിതമായി തീപ്പാക്കുന്നതിന് എന്തെങ്കിലും നടപടികള്‍ കൈക്കൊണ്ടിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സൂര്യനെല്ലി കേസിൽ സർക്കാർ അഭിഭാഷകൻ ഹാജരാകാതിരുന്നത്</u>

2128 ശ്രീ. ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി 3 ന് സൂര്യനെല്ലിക്കേസ് സുപ്രീം കോടതി പരിഗണിച്ചപ്പോൾ സർക്കാർ അഭിഭാഷകൻ എന്തുകൊണ്ടാണ് ഹാജരാകാതിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാർ ഏത് അഭിഭാഷകനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത കേസിൽ ഇനിയുള്ള എല്ലാ വിചാരണ വേളയിലും സർക്കാർ അഭിഭാഷകൻ ഹാജരാകാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ലൈംഗികപീഢനവും അക്രമങ്ങളും</u>

2129 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലങ്ങളിലും വർദ്ധിച്ചുവരുന്ന ലൈംഗിക പീഢന/അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ആയതുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസ്സുകളിൽ നിയമനടപടി പൂർത്തിയായി എത്ര പ്രതികൾ ശിക്ഷണനടപടിക്ക് വിധേയരായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ;

(സി) കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ഈ അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ പുതിയതായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം</u>

2130 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമത്തിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) പ്രസ്തുത കേസുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകൾ</u>

2131 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകളിൽ എത്ര പെൺകുട്ടികൾ മരണപ്പെട്ടു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) എത്ര കേസ്സുകളിൽ എത്ര പ്രതികളെ ഇനിയും പിടികൂടാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനക്കേസുകള്‍</u>

2132 ശ്രീ. ഇ.ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും**
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സ്ത്രീപീഡനക്കേസുകള്‍ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വനിതാ ഹെൽപ്പ് ലൈനുകളുടെ പ്രവർത്തനം</u>

2133 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കേരളാ പോലീസ് രൂപീകരിച്ച വനിതാ ഹെൽപ്പ് ലൈനുകളുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ബി) പ്രവർത്തനം തുടങ്ങിയതിനുശേഷം നാളിതുവരെ ഹെൽപ്പ് ലൈനിലേക്ക് വന്ന സഹായാഭ്യർത്ഥനകളുടെ ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(സി) ഇവയിൽ സഹായം ലഭ്യമാക്കാൻ സാധിച്ചവയും സാധിക്കാത്തവയും സംബന്ധിച്ച് ജില്ല തിരിച്ചുളള കണക്ക് ലഭ്യമാക്കാമോ;

(ഡി) വനിതാ ഹെൽപ്പ് ലൈനുകളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമായി നടക്കുന്നതായി കരുതുന്നുണ്ടോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ</u>

2134 ശ്രീ. സണ്ണി ജോസഫ്
,, ഐ.സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ സിറ്റിസൺസ് ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സംവിധാനം വഴി ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കാണുവാൻ എന്തെല്ലാം സൗകര്യങ്ങൾ ആണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് കംപ്ലയന്റ് അതോറിറ്റി</u>

2135 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലയന്റ് അതോറിറ്റിയുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) അതോറിറ്റിയുടെ അധികാര പരിധിയും അന്വേഷണ വിഷയങ്ങളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പ്രത്യേക സുരക്ഷാ സേന</u>

2136 ശ്രീ. റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രത്യേക സുരക്ഷാ സേന രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(ഡി) പ്രസ്തുത സേനയുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ</u>

2137 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ എന്ന ഏജൻസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതികളും എന്തൊക്കെയാണ്;

(സി) ഏതെല്ലാം മേഖലകൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്;

(ഡി) ഏജൻസിയുടെ രൂപീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആക്രമണം</u>

2138 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ സി.പി.ഐ(എം) ഉദുമ ലോക്കൽ കമ്മിറ്റി ഓഫീസ് എത്ര പ്രാവശ്യം ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികളെ ആരെയെങ്കിലും ഇതുവരെ പിടികൂടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ചെയ്യപ്പെട്ട വര്‍ഗ്ഗീയ സ്വഭാവമുള്ള കേസ്സുകള്‍</u>

2139 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാനത്ത് വര്‍ഗ്ഗീയ സ്വഭാവമുള്ള എത്ര കേസ്സുകള്‍ റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് നല്‍കാമോ ;

(സി) വര്‍ഗ്ഗീയ സംഘര്‍ഷങ്ങളില്‍ എത്രപേര്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>തീവ്രവാദികളുടെ ആക്രമണഭീഷണി നേരിടാനുള്ള മുൻകരുതലുകൾ</u>

2140 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും കൂടുതൽ കടൽത്തീരം അതിർത്തിയായിട്ടുള്ള ഒരു സംസ്ഥാനം എന്ന നിലയിൽ തീവ്രവാദികളുടെ ആക്രമണ ഭീഷണി സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസിദ്ധീകരിക്കാമോ;

(ബി) പ്രസ്തുത ആക്രമണത്തിൽ നിന്നു രക്ഷപ്പെടുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ;

(സി) പ്രസ്തുത ഭീഷണിയുടെ വെളിച്ചത്തിൽ സംസ്ഥാന തീരസംരക്ഷണ സേനയ്ക്കും, സംസ്ഥാന പോലീസിനും എന്തെല്ലാം അത്യന്താധുനിക സംവിധാനങ്ങൾ ആണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമൊ;

(ഡി) അപ്രതീക്ഷമായ ആക്രമണങ്ങൾ ഉണ്ടായാൽ അതിനെ നേരിടുന്നതിനുള്ള എന്തെല്ലാം മുൻകരുതലുകൾ ആണ് സർക്കാർ സ്വീകരിച്ചിരിക്കന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മതനിരപേക്ഷത തകർക്കുന്നതിനെതിരെ സ്വീകരിച്ച നടപടികൾ

2141 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' എ. കെ. ബാലൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള മതനിരപേക്ഷതയെ തകർക്കാനിടയാക്കുന്ന ചില ജാതി-മത സംഘടനകളുടെ പ്രവർത്തനവും പരസ്യപ്രസ്താവനകളും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രസ്താവനകളേയും, പ്രവർത്തനങ്ങളേയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(സി) മതം, ജാതി, ലിംഗം എന്നിവയോ അതിൽ ഏതെങ്കിലുമോ മാത്രം അടിസ്ഥാനമാക്കി വിവേചനപരമായി പ്രവർത്തിക്കാതിരിക്കാമോ;

(ഡി) ഏതെങ്കിലും സ്ഥാനത്തേക്ക് ഒരാളെ നിയോഗിക്കുമ്പോൾ ജാതിയുടെയോ മതത്തിന്റേയോ പേരിലുള്ള സംഘടനകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതായി വന്നിട്ടിട്ടുണ്ടോ;

(ഇ) ഈ ദിശയിലുള്ള നടപടികൾ സംസ്ഥാനത്ത് മതനിരപേക്ഷത തകർക്കാനിടയാക്കുമെന്ന് സർക്കാരിനറിയാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി വനഭൂമി കൈയ്യേറ്റം</u>

2142 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി വനഭൂമി കൈയ്യേറ്റം സംബന്ധിച്ച് എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ആർക്കെതിരെയെല്ലാമാണ് കേസുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) നെല്ലിയാമ്പതി വനഭൂമി കൈയ്യേറ്റക്കാരെ സഹായിച്ചു എന്നതിന്റെ പേരിൽ ഏതെല്ലാം ഉന്നതർക്കെതിരെയാണ് വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യപ്പെട്ടത്;

(ഡി) ആരുടെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്; അന്വേഷണ നടപടികളുടെ കാലികസ്ഥിതി വിശദീകരിക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കുറ്റാന്വേഷണങ്ങൾക്കായി പ്രത്യേക അന്വേഷണസംഘം</u>

2143 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതു വരെ ഏതെല്ലാം കുറ്റാന്വേഷണങ്ങൾക്കായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇങ്ങനെ പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിച്ച കേസ്സുകളിലെ അന്വേഷണ സംഘത്തലവൻമാർ ആരെല്ലാമെന്നും ഏതു റാങ്കിലുള്ള ഉദ്യോഗസ്ഥരാണെന്നും സംഘത്തിലെ മറ്റ് ഉദ്യോഗസ്ഥൻമാർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ കേസിലും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ഉത്തരവായതെപ്പോഴാണെന്നും അന്വേഷണ സംഘം കേസ്സുകൾ സംബന്ധിച്ച് അന്വേഷണം നടത്തി കോടതികൾക്ക് റിപ്പോർട്ട് സമർപ്പിച്ച കേസ്സുകൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രത്യേക അന്വേഷണ സംഘത്തിനെ നിയോഗിച്ച് അന്വേഷണം നടക്കുന്ന കേസ്സുകളിലെ റിപ്പോർട്ടുകൾ കോടതികളിൽ എത്തുന്നതിനുമുൻപ് മാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങളെ സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജില്ല തിരിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം</u>

2144 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര ഭവനഭേദനം, പടിച്ചുപറി, കവർച്ചാ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റേയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഈ സംഭവങ്ങൾക്കിടെ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന്
വ്യക്തമാക്കാമോ ;

(ഡി) ഈ കേസ്സുകളിലോരോന്നിലും എത്ര പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പ്രകടനം നടത്തിയതിന്റെ പേരിൽ കേസ്സ്</u>

2145 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ പ്രകടനം നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സി.പി.ഐ (എം) പ്രവർത്തകർ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

2011- 12, 2012 -13 കാലയളവിലെ വിവിധതരം കേസുകൾ

2146 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12, 2012 -13 വർഷങ്ങളിൽ നാളിതുവരെയുള്ള കാലയളവിൽ ആംസ് ആന്റ് എക്സ്പ്ലോസീവ്, സ്ത്രീകൾക്കെതിരായ ക്രൈംസ്, കൊലപാതകങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, സാമ്പത്തിക കുറ്റങ്ങൾ, പ്രൊപ്പർട്ടി ക്രൈംസ്, ബലാൽസംഗം, യാത്രക്കാർക്ക് നേരെയുള്ള ക്രൈംസ്, ഹിന്ദു ദേവാലയങ്ങളിലെ കവർച്ച, ക്രിസ്ത്യൻ ദേവാലയങ്ങളിലെ കവർച്ച, മുസ്ലീം പള്ളികളിലെ കവർച്ച, കളവ്, ഭവനഭേദനം, വർഗ്ഗീയ സംഘട്ടനം, കള്ളനോട്ട് കേസുകൾ, മോഷണങ്ങൾ, ബാലപീഡനങ്ങൾ, അഴിമതികൾ, ഇവയിലൊന്നും പെടാത്ത ക്രൈം കേസുകൾ, എന്നിവയുമായി ബന്ധപ്പെട്ട സംസ്ഥാനത്തുണ്ടായ കേസുകൾ ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**12.02.2013-ലെ മറുപടിക്ക്**

<u>രജിസ്റ്റർ ചെയ്ത ക്രൈം കേസുകളുടെ എണ്ണം</u>

2147 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്താകെ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ കേസുകളിൽ മോഷണം, കവർച്ച, ഭവനഭേദനം, സ്ത്രീപീഡനം, കൊലപാതകം, ബലാൽസംഗം, രാഷ്ട്രീയകൊലപാതകം, മാൻമിസ്സിംഗ്, സ്ത്രീകളുടെ കൊലപാതകം, ദേവാലയമോഷണവും കവർച്ചയും, സാമ്പത്തികകുറ്റങ്ങൾ, ഗുണ്ടാ ആക്രമണം, വർഗ്ഗീയസംഘർഷ സ്വഭാവമുള്ള കേസുകൾ എന്നീ ഇനങ്ങളിൽ രജിസ്റ്റർ ചെയ്ത എത്ര കേസുകളുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് കേസുകളുടെ വിശദവിവരം</u>

2148 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം ഇതുവരെ എത്ര കേസ്സുകൾ പിൻവലിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഓരോ കേസ്സും ഏത് ജില്ലയിലെ ഏത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തതാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ കേസ്സിലും ഉൾപ്പെട്ടിരുന്ന പ്രതികളുടെ പേരുവിവരങ്ങളും ഓരോ കേസ്സും ഏത് കുറ്റകൃത്യവുമായി ബന്ധപ്പെട്ടാണ് രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കുമോ

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കേസ്സുകൾ പിൻവലിക്കുന്നതിനുള്ള നിരാക്ഷേപ പത്രം</u>

2149 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് ജില്ലയിൽ, വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിനു നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിൽ, വർഗ്ഗീയ കലാപം ഉണ്ടാക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമത്തിന്റെ പേരിൽ എടുത്തിട്ടുള്ള എത്ര കേസ്സുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജനപ്രതിനിധികളുടെയും നേതാക്കളുടെയും ഫോൺ ചോർത്തൽ</u>

2150 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, സി. കൃഷ്ണൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുടെയും ഫോൺ കോളുകൾ ചോർത്തുന്നതിന് പോലീസിനെ അനുവദിക്കാൻ പര്യാപ്തമായ നിലയിലുള്ള സന്ദർഭങ്ങൾ സംസ്ഥാനത്തുണ്ടായിട്ടുണ്ടോ; എങ്കിൽ, അനിവാര്യമായ സന്ദർഭങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഫോണും ഇ-മെയിലും ചോർത്താൻ നിയമാനുസൃതമായ അനിവാര്യ സന്ദർഭങ്ങളേയും ഇത് സംബന്ധിച്ച നിയമ വ്യവസ്ഥകളേയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) നിയമാനുസൃതമായി ആരുടെയെങ്കിലും ഫോണും ഇ-മെയിലും ചോർത്താൻ പോലീസിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ, ഏതെല്ലാം കേസുകളിൽ, ഏതെല്ലാം ജനപ്രതിനിധികളുടേതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിയമാനുസൃതം നൽകിയതായി പറയുന്ന ഇ-മെയിൽ, ഫോൺ ചോർത്തലുകൾ അനുമതികളെക്കുറിച്ച് വെളിപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കേസ്സുകൾ തെളിയിക്കുന്നതിനുള്ള നടപടികൾ</u>

2151 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീതിപൂർവ്വമായും ശാസ്ത്രീയമായും സംസ്ഥാനത്തെ കേസ്സുകൾ തെളിയിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഈ ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളെടുക്കുകയുണ്ടായി;

(സി) എന്തെല്ലാം ആധുനികസാങ്കേതികവിദ്യകളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കേസ്സുകൾ തെളിയിക്കുന്നതിനും, പോലീസിന്റെ പ്രാഗത്ഭ്യം വർദ്ധിപ്പിക്കുന്നതിനുമായി, എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളുമാണ് നൽകാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കെ. സുധാകരൻ എം.പി.യുടെ വിവാദ പ്രസംഗത്തിന്റെ പേരിൽ പോലീസ് കേസ്</u>

2152 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നതു കണ്ടുവെന്ന കെ. സുധാകരൻ എം.പി.യുടെ വിവാദ പ്രസംഗത്തിന്റെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) കെ. സുധാകരൻ എം.പി.യുടെ വിവാദ പ്രസംഗത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസിന്മേൽ അന്വേഷണം എന്നാണ് ആരംഭിച്ചത് ;

(സി) പ്രസ്തുത കേസിൽ എത്ര പേരെ ചോദ്യം ചെയ്തു ;

(ഡി) അന്വേഷണത്തിന്റെ പുരോഗതി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കേസ് കോടതിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ കേസ് നീട്ടി വെയ്ക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥൻ എത്ര പ്രാവശ്യം ആവശ്യപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പൈപ്പ്ലൈൻ നശിപ്പിച്ചവർക്കെതിരെ നടപടി</u>

2153 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെളിയനാട് ഗ്രാമപഞ്ചായത്തിൽ എം.എൽ.എ.യുടെ പ്രാദേശികവികസനഫണ്ട് ഉപയോഗിച്ച് ആറിനടിയിലൂടെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈൻ നശിപ്പിച്ച് കുടിവെള്ളവിതരണംതടസ്സപ്പെടുത്തിയ സാമൂഹ്യ വിരുദ്ധർക്കെതിരെയുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്നു വിശദമാക്കുമോ;

(ബി) പൊതുമുതൽ നശിപ്പിച്ച സാമൂഹ്യവിരുദ്ധർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുതപ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഫോറൻസിക് ലാബുകളിൽ പരിശോധനയ്ക്കയച്ച രേഖകൾ</u>

2154 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറൻസിക് ലാബുകളിൽ പരിശോധനയ്ക്കയച്ച എത്ര കേസുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധന കഴിഞ്ഞ് പോലീസ് വകുപ്പിന് തിരിച്ചുകിട്ടാനുണ്ട് എന്നറിയിക്കാമോ;

(ബി) എത്ര കൊലപാതക കേസുകളുടെപരിശോധന റിപ്പോർട്ട് ലഭിക്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) ഫോറൻസിക് പരിശോധന റിപ്പോർട്ട് ലഭിക്കാതത്തതിന്റെ പേരിൽ വിചാരണകാത്ത് എത്ര തടവുകാരാണ് ജയിലിലുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഫോറൻസിക് പിശോധന നടത്തുന്ന ഏതെല്ലാം ലാബുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ 94/2010 ക്രൈമിലെ സാമ്പിൾ ലബോറട്ടറി പരിശോധന</u>

2155 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 94/2010 ക്രൈമിലെ സാമ്പിൾ ലബോറട്ടറി പരിശോധനയ്ക്കായി എത്തിയത് എന്നാണ്;

(ബി) പ്രസ്തുത സാമ്പിളിന്റെ പരിശോധനാഫലം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ആയത് അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരിശോധനാഫലം ലഭ്യമാക്കുന്നതിന്റെ കാലതാമസം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) പരിശോധനാഫലം നൽകിയിട്ടുണ്ടെങ്കിൽ, ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സോഷ്യൽ മീഡിയ നെറ്റ് വർക്കിലെ പോസ്റ്റുകൾ</u>

2156 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫേസ് ബുക്ക്, ട്വിറ്റർ തുടങ്ങിയ സോഷ്യൽ മീഡിയ നെറ്റ് വർക്കിൽ ജനപ്രതിനിധികളെ അവഹേളിക്കുന്ന രീതിയിൽ പോസ്റ്റുകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്, ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) നെടുമുടി പോലീസ് സ്റ്റേഷൻ മുഖാന്തിരം സൈബർ സെല്ലിൽ സമർപ്പിച്ച പരാതിയിന്മേൽ, എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വ്യാജ എസ്.എം.എസ്, ഇ-മെയിൽ, ലോട്ടറി എന്നീ തട്ടിപ്പുകൾ</u>

2157 ശ്രീ. വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജ എസ്.എം.എസ്., ഇ-മെയിൽ, ലോട്ടറി എന്നീ തട്ടിപ്പുകൾക്കെതിരെ മുന്നറിയിപ്പുകൾ നൽകാൻ പോലീസ്, എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി, എന്തെല്ലാം ജാഗ്രതാ നിർദ്ദേശങ്ങളാണ് പോലീസ് നൽകിയിട്ടുള്ളത് ;

(സി) പ്രസ്തുത തട്ടിപ്പുകളിൽ വഞ്ചിതരായിട്ടുള്ളവർക്ക് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

ഇടുക്കി ജില്ലയിൽ വീഡിയോ ദൃശ്യങ്ങളുടെ പ്രചാരണം

2158 ശ്രീ. ആർ.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഭാഗീയത വളർത്തുവാനും കേരളവിരുദ്ധവികാരം പ്രചരിപ്പിക്കുവാനും ഒരു വിഭാഗം സംഘടനകൾ ഇടുക്കി ജില്ലയിലെ ചില മേഖലകളിൽ വീഡിയോ ദൃശ്യങ്ങളുമായി പ്രചാരണം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത വിഷയത്തിൽ പോലീസ് സ്വീകരിച്ച നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

മേപ്പയ്യൂർ വടക്കേപറമ്പിൽ പ്രദീപന്റെയും
സുഹൃത്തിന്റെയും ദുരൂഹമരണത്തിൽ അന്വേഷണം

2159 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുംബെയിലെ മഹാരാജാ ഗസ്റ്റ് ഹൗസ് നടത്തിപ്പുകാരായ മേപ്പയ്യൂർ വടക്കേപറമ്പിൽ പ്രദീപന്റെയും സുഹൃത്ത് തലശേരി സ്വദേശിയുടെയും ദുരൂഹമരണത്തിൽ അന്വേഷണം ആവശ്യപ്പെട്ട് ആരിൽ നിന്നെങ്കിലും നിവേദനം ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ, എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിലെ പ്രേമനെ ആക്രമിച്ചവരുടെ അറസ്റ്റ്</u>

2160 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ, കാപ്പിൽ, കുറ്റിപ്പുറം ജംഗ്ഷനിൽ, വാലാത്ത് വീട്ടിൽ ശ്രീ. പ്രേമനെ സംഘംചേർന്ന് ആക്രമിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) എത്ര പേരെ പ്രതിചേർത്താണ് കേസ്സ് എടുത്തിട്ടുള്ളത്;

(സി) കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ അടുത്തകാലത്ത് നടന്നുകൊണ്ടിരിക്കുന്ന ഗുണ്ടാവിളയാട്ടങ്ങൾ അവസാനിപ്പിക്കുന്നതിന്, എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഗുണ്ടാവിളയാട്ടങ്ങളുമായി ബന്ധപ്പെട്ട്, എത്ര കേസ്സുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>കൊലപാതകക്കേസുകളിലെ സാക്ഷികൾ</u>

2161

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊലപാതകക്കേസ്സുകളിൽ സാക്ഷികളായിട്ടുള്ളവരെ സംഭവസ്ഥലത്ത് കൊണ്ടുപോയി അന്വേഷണ ഉദ്യോഗസ്ഥനും പബ്ലിക് പ്രോസിക്യൂട്ടറും ചേർന്ന് കോടതിയിൽ നൽകേണ്ട മൊഴി പരിശീലിപ്പിക്കുന്നത് നിയമാനുസൃത നടപടിയാണോ;

(ബി) ഇത്തരം നടപടി സംസ്ഥാനത്ത് ഇതേവരെയുള്ള ഏതെങ്കിലും കേസ്സിൽ സംഭവിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ശ്രീ.എം.കെ.രാഘവനെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം

2162 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ചിറക്കര കണ്ടിക്കൽ വ്യവസായ എസ്റ്റേറ്റിനു സമീപം സിറ്റി പ്ലാസ്റ്റിക് കമ്പനിയിൽ കാവൽക്കാരനായിരുന്ന എം.കെ.രാഘവനെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണം ഫലപ്രദമല്ല എന്നു കാണിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ കൊലപാതകക്കേസിൽ, ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ്; 2012, ഡിസംബർ ഒന്നാം തീയതി രാത്രി കൊലപാതകം നടന്നിട്ടും ഇന്നുവരെ പ്രതികളെ അറസ്റ്റ് ചെയ്യാത്തതെന്തെന്ന് വിശദമാക്കാമോ;

(ഇ) നിലവിൽ, ഈ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പട്ടുവം ഷുക്കൂർ വധക്കേസ്</u>

2163 ശ്രീ. പി.റ്റി.എ.റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടുവം അരിയിൽ ഷുക്കൂർ വധിക്കപ്പെട്ടത് എന്നാണ്;

(ബി) ഈ കേസിൽ, ഇതുവരെയായി, എത്രപേർ അറസ്റ്റിലായിട്ടുണ്ട്;

(സി) ഈ കാര്യത്തിൽ, രജിസ്റ്റർ ചെയ്ത എഫ്.ഐ.ആർ ന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) എഫ്.ഐ.ആർ നൽകിയ ആളുടെ പേരും അഡ്രസും എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>എസ്.എഫ്.ഐ കാസർഗോഡ് ജില്ലാ സെക്രട്ടറി, ഷാലു മാത്യുവിനെ ആക്രമിച്ച സംഭവം</u>

2164 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.ഐ കാസർഗോഡ് ജില്ലാ സെക്രട്ടറി, ഷാലു മാത്യുവിനെ 2012, ഡിസംബർ മാസത്തിൽ വൈകുന്നേരം ഭക്ഷണം കഴിക്കാൻ പോയ സമയത്ത് കടയിൽവെച്ച് ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രതികൾ ആരെല്ലാം; എല്ലാവരെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സംഭവത്തിലെ ഇതുവരെ അറസ്റ്റ് ചെയ്യപ്പെടാത്ത ഒരു പ്രതി, കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ യിൽ റഗുലർ സ്റ്റുഡന്റായി പഠനം തുടർന്നുവരുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, ഈ പ്രതിയെ അറസ്റ്റ് ചെയ്യാതിരിക്കുന്നതിനുള്ള കാരണം അറിയിക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുൻ കൊലപാതകക്കേസുകളുടെ പുനരന്വേഷണം</u>

2165 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പ് നടന്ന ഏതെല്ലാം കൊലപാതകക്കേസുകളാണ് പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുനരന്വേഷിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പുനരന്വേഷിക്കുന്ന ഓരോ കേസിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുനരന്വേഷിക്കുന്ന ഓരോ കേസിന്റെയും അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ഗുണ്ടാ ആക്രമണങ്ങൾ</u>

2166 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര ഗുണ്ടാ ആക്രമണങ്ങളുണ്ടായെന്നും ആ സംഭവങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടുവെന്നും എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

2167 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രാഷ്ട്രീയപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട് ;

(ബി) അവർ ആരെല്ലാമാണെന്നും ഇതിലെ പ്രതികൾ ആരെല്ലാമാണെന്നും ഇവർ രാഷ്ട്രീയപാർട്ടി പ്രവർത്തകരാണോയെന്നും വ്യക്തമാക്കുമോ ;

(സി) എത്ര പ്രതികളെ പിടികൂടിയിട്ടുണ്ട് ; എത്ര പ്രതികളെ പിടികൂടാൻ ബാക്കിയുണ്ട് ;

(ഡി) കൊലപാതകകേസ്സുകളിലെ കാര്യക്ഷമമായ അന്വേഷണ നടപടികൾ, രാഷ്ട്രീയ കൊലപാതകങ്ങൾ കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൊലപാതകകേസ്സുകളിലെ പ്രതികളെ പിടികൂടുന്നതിന് പ്രത്യേക അന്വേഷണ വിഭാഗങ്ങളെ സജ്ജമാക്കുന്നതിന്
നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആത്മഹത്യാ കേസുകൾ</u>

2168 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ; ഇതിൽ, സ്ത്രീകൾ എത്ര; കുട്ടികൾ എത്ര ;

(ബി) ആത്മഹത്യ ചെയ്തവരുടെ പേരുവിവരവും ആത്മഹത്യ ചെയ്യാനുള്ള സാഹചര്യവും വിശദമാക്കുമോ ;

(സി) ഇക്കാലയളവിൽ സംസ്ഥാനത്ത് ജയിലുകളിലും പോലീസ് കസ്റ്റഡിയിലും ആത്മഹത്യ ചെയ്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

പോലീസ് പീഡനത്തിന് ഇരയായവർ

2169 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ മർദ്ദനമേറ്റു മരിച്ചവരുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) പോലീസിന്റെ മാനസിക പീഡനം മൂലം ആത്മഹത്യ ചെയ്തവർ എത്രയെന്നു വ്യക്തമാക്കുമോ;

(സി) പോലീസിനെക്കണ്ടു ഭയന്ന് ഓടി രക്ഷപ്പെടാൻ ശ്രമിച്ചവർ എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം സർക്കാർ നൽകിയ സഹായം എന്തെന്നു വ്യക്തമാക്കുമോ; ഇതിനു കാരണക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിലെ നാൽപ്പാടി വാസു വധക്കേസ്</u>

2170 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ നാൽപ്പാടി വാസു വധക്കേസ് പുനരന്വേഷിക്കേണ്ടതില്ലെന്ന തീരുമാനം സർക്കാർ എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, കാരണം വിശദമാക്കാമോ;

(സി) ഈ കേസിൽ പുനരന്വേഷണം നടത്തുന്നുണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളുടെ പ്രയോറിറ്റി ലിസ്റ്റ്</u>

2171 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ആരംഭിക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പീരുമേട് നിയോജകമണ്ഡലത്തിലെ വാഗമൺ എന്ന സ്ഥലം പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രാമതാണ്;

(സി) വാഗമണ്ണിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ</u>

2172 ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം എന്നാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) പഴയ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ എന്താണ് തടസ്സം;

(സി) തടസ്സം നീക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും പുതിയ കെട്ടിടത്തിൽ സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടത്തിന്റെ സ്ഥലം കൈമാറ്റം</u>

2173 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം കബളക്കാട് ബസ്സ്റ്റാന്റ് വിപുലീകരണത്തിന് കൈമാറണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനംലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ സർക്കാരിന്റെ ഏതെല്ലാം വകുപ്പുകളിൽ നടപടി ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ഫയൽ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥലം ബസ്സ്റ്റാന്റ് വിപുലീകരണത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മുസരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുനമ്പം പോലീസ് സ്റ്റേഷൻ

2174 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുസരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി മുനമ്പം പോലീസ് സ്റ്റേഷന്റെ പരിധിയിലുള്ള സ്ഥലം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

കുന്ദമംഗലം പോലീസ് സ്റ്റേഷൻ

2175 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 164/12 എന്ന കേസിൽ എത്ര പ്രതികളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവർ ആരെല്ലാമാണ്;

(ബി) ഇതിൽ പോലീസ് ഉദ്യോഗസ്ഥൻമാരുണ്ടോ; എങ്കിൽ അവരുടെ പേർ വിവരം ലഭ്യമാക്കാമോ;

(സി) പ്രതികളിൽ സർക്കാർ ജോലി ചെയ്യുന്നവർ ആരെല്ലാമാണ്;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് ലാത്തിച്ചാർജുകൾ</u>

2176 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പോലീസ് ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കുനേരെ എത്ര ലാത്തിച്ചാർജുകൾ നടത്തിയിട്ടുണ്ട്;

(സി) ഈ ലാത്തിച്ചാർജുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കുപറ്റിയിട്ടുണ്ട്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാസര്‍കോഡ് ജില്ലയില്‍ □ആയിറ്റി□ കേന്ദ്രീകരിച്ച് തീരദേശ പോലീസ് സ്റ്റേഷന്‍</u>

2177 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍കോഡ് ജില്ലയില്‍ 'ആയിറ്റി' കേന്ദ്രീകരിച്ച് തീരദേശപോലിസ് സ്റ്റേഷന്‍ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്നും ഇതിന്റെ പ്രവര്‍ത്തനം എപ്പോള്‍ ആരംഭിക്കാന്‍ കഴിയുമെന്നും വ്യക്തമാക്കാമോ ;

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>സ്ത്രീ സൗഹൃദ പോലീസ് പരാതി സെല്ലുകള്‍</u>

2178 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എത്ര പോലീസ് സ്റ്റേഷനുകളില്‍ സ്ത്രീ സൗഹൃദ പോലീസ് പരാതി സെല്ലുകള്‍ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എത്ര പോലീസ് സ്റ്റേഷനുകളില്‍ വനിതാ പോലീസുകാര്‍ക്കായി പ്രത്യേകം വിശ്രമമുറികളും ഡ്രസ്സിംഗ് റൂമുകളും ഏര്‍പ്പെടുത്തിയിട്ടുണ്ട് ;

(സി) പോലീസ് ക്വാര്‍ട്ടേഴ്സുകള്‍ അനുവദിക്കുമ്പോള്‍ വനിതാ പോലീസുകാര്‍ക്കായി പ്രത്യേക മുന്‍ഗണന നല്‍കണമെന്ന് നിബന്ധന ഏര്‍പ്പെടുത്താമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മുഹമ്മദ് സാദിഖ് കെ. ബൈക്ക് അപകടത്തിൽ മരിച്ച സംഭവം</u>

2179 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനു കീഴിൽ, തുറക്കൽ സ്വദേശി മുഹമ്മദ് സാദിഖ് കെ. സഞ്ചരിച്ചിരുന്ന ബൈക്കിൽ വാഹനം ഇടിച്ച് പ്രസ്തുത ആൾമരണമടഞ്ഞ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) ഇടിച്ച് തെറിപ്പിച്ച വാഹനം കണ്ട് കിട്ടിയിട്ടുണ്ടോ ;

(സി) ഇതിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഇതിന്റെ അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ മൂലം ഗതാഗത തടസ്സം

2180 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ റോഡരുകിൽ പാർക്ക് ചെയ്ത് ഗതാഗതതടസ്സം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ നശിക്കുന്നതുവഴി സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(സി) പൊതുനഷ്ടം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങൾ</u>

2181 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവൽകരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; 2011-ൽ ആയത് എത്ര; 2011-2012-വർഷങ്ങളിൽ ഏറ്റവും കൂടുതൽ എണ്ണം റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ; വ്യക്തമാക്കുമോ;

(സി) അപകടങ്ങളിൽ പരിക്കേറ്റതുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം 2012-ൽ എത്ര; ആയത് 2011-ൽ എത്രയായിരുന്നു; ഇക്കാര്യത്തിൽ, 2012-ൽ ഏത് ജില്ലയിലാണ് കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത്; എത്ര എണ്ണം; ആയത് 2011 മായി താരതമ്യം ചെയ്യുമോ; വിശദമാക്കാമോ;

(ഡി) മദ്യപിച്ച് അലക്ഷ്യമായി വാഹനമോടിക്കുന്നവരുടെ ഭാഗത്തുനിന്നുമാണ് ഇത്തരം വാഹനാപകടങ്ങൾ കൂടുതലായി വരുന്നുവെന്നുള്ള വസ്തുത ശ്രദ്ധയിൽ പെട്ടുവോ; എങ്കിൽ, ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) മദ്യപിച്ച് വാഹനമോടിച്ചതുമായി ബന്ധപ്പെട്ട് 2012 ജനുവരി മുതൽ ഡിസംബർ 31 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ആയത് 2011-ൽ എത്ര; ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത ജില്ല ഈ രണ്ട് വർഷങ്ങളിൽ ഏതെന്ന് വ്യക്തമാക്കുമോ;

(എഫ്) മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

വിവിധ കേസുകളിൽ പിടിക്കപ്പെട്ട് വാഹനങ്ങൾ

2182 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ കാലടി-മലയാറ്റൂർ റോഡിൽ വിവിധ കേസുകളിൽ പിടിക്കപ്പെട്ട് വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ പൊതുജനങ്ങൾക്കും യാത്രക്കാർക്കും നേരിടുന്ന ബുദ്ധിമുട്ടും ഇതുമൂലം ഉണ്ടാകുന്ന ഗതാഗത കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി അധികൃതർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദാക്കാമോ;

(സി) ഈ മേഖലയിലെ ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് പ്രസ്തുത വാഹനങ്ങൾ ഇവിടെ നിന്നും നീക്കം ചെയ്യുന്നതിനായി നടപടി സ്വീകരിക്കുമോ; എങ്കിൽ, സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാരിന്റെ ക്യാബിനറ്റ് പദവിയിലുള്ളവരുടെ വാഹനങ്ങളോ എസ്കോർട്ട്-പൈലറ്റ് വാഹനങ്ങൾ കാരണമോ സംഭവിച്ച അപകടങ്ങൾ</u>

2183 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, സംസ്ഥാന സർക്കാരിന്റെ ക്യാബിനറ്റ് പദവിയിലുള്ളവരുടെ വാഹനങ്ങളോ അവരുടെ എസ്കോർട്ട്-പൈലറ്റ് വാഹനങ്ങളോ കാരണം എത്ര അപകടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേത്തുടർന്ന് മരണപ്പെടുകയും പരിക്കുപറ്റുകയും ചെയ്തിട്ടുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളും ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടി</u>

2184 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഇരുചക്രവാഹനാപകടങ്ങളിൽപ്പെട്ട എത്രപേർ മരണപ്പെട്ടിട്ടു ണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) വാഹനാപകടങ്ങളും ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പെരുംമ്പാവൂർ വാഴക്കുളത്തു നടന്ന അക്രമം</u>

2185 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പെരുമ്പാവൂർ വാഴക്കുളത്തു വെച്ച് കേരള വാട്ടർ അതോറിറ്റിയുടെ നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ജീവനക്കാരെ ഡ്യൂട്ടിയ്ക്കിടയിൽ ഒരു സംഘം ആളുകൾ ചേർന്ന് 09.10.2012ന് കൈയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം ഉപയോഗിച്ച് സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറി നടത്തുന്നതിനെ തടഞ്ഞതിന്റെ പേരിലാണ് കയ്യേറ്റമുണ്ടായതെന്ന് അറിയുമോ ;

(സി) ഈ സംഭവത്തിന്റെ ഭാഗമായി സ്വീകരിച്ച മേൽ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് കലക്ട്രേറ്റ് കോമ്പൗണ്ടിലെ</u>
<u>മരങ്ങൾ മുറിച്ചത്</u>

2186 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കലക്ട്രേറ്റ് കോമ്പൗണ്ടിലെ മരങ്ങൾ മുറിച്ചതുമായി ബന്ധപ്പെട്ട് പോലീസിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആരിൽ നിന്നെല്ലാമാണ് പരാതികൾ ലഭിച്ചതെന്നും, പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണെന്നും വിശദമാക്കുമോ;

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>''വിശ്വരൂപം'' ചലച്ചിത്രം പ്രദർശിപ്പിക്കുന്ന തീയറ്ററുകൾക്കെതിരെ അക്രമം നടത്തിയവർക്കെതിരെയുള്ള നടപടി</u>

2187 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലയിടങ്ങളിലായി ''വിശ്വരൂപം'' ചലച്ചിത്രം പ്രദർശിപ്പിച്ചിരുന്ന സിനിമ തീയറ്ററുകളിൽ ചില സാമൂഹ്യവിരുദ്ധർ അക്രമം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എവിടെയെല്ലാമാണ് അക്രമം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(ബി) പ്രസ്തുത അക്രമ സംഭവങ്ങൾക്കെതിരെ എന്ത് നടപടിയെടുത്തു എന്നും, ആർക്കെല്ലാം എതിരെയാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത് എന്നും, ഏതെല്ലാം വകുപ്പുകൾ ചേർത്താണ് കേസ് ചാർജ് ചെയ്തത് എന്നും അന്വേഷണം എവിടെ വരെയെത്തി എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>അനധികൃത മണൽ കടത്ത്</u>

2188 ശ്രീ. കെ.അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജനുവരി ഒന്നിനുശേഷം വൈക്കം താലൂക്കിനുകീഴിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും ഇതിൽ എത്ര കേസുകളിൽ കോടതിയിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട് എന്നും എത്രയെണ്ണം പിഴയീടാക്കി അവസാനിപ്പിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പിഴ ഇനത്തിൽ വൈക്കം താലൂക്ക് പരിധിയിലുളള ഓരോ പോലീസ് സ്റ്റേഷനിലും ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) അനധികൃത മണൽകടത്ത് തടയുന്നതിനായി വൈക്കം താലൂക്കിലെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ബോട്ടുകൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഈ ബോട്ടുകൾ ഇപ്പോഴും പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ?

(ഡി) ഓരോ ബോട്ടിനും ഇന്ധനം ഇനത്തിൽ എത്ര രൂപ വീതം ചെലവായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) വൈക്കം താലൂക്ക് പരിധിയിലെ പോലീസ് സ്റ്റേഷനുകളിൽ മണൽ മാഫിയ സംഘങ്ങൾ ഉദ്യോഗസ്ഥരെ ആക്രമിച്ചതോ ഭീഷണിപ്പടുത്തിയതോ ആയ കേസുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മണൽ/മണ്ണ് മാഫിയ പ്രവർത്തനങ്ങൾ</u>

2189 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ/മണ്ണ് മാഫിയാകളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണ്/മണൽ മാഫിയ ആക്രമണങ്ങളിൽ എത്ര റവന്യൂ/പോലീസ് വകുപ്പ് ജീവനക്കാരും പൊതുജനങ്ങളും ഇരയായിട്ടുണ്ട് എന്ന് ഇനംതിരിച്ച്, ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ആയതുമായി ബന്ധപ്പെട്ട് എത്ര പോലീസ് കേസ്സുകൾ നിലവിലുണ്ട് എന്നത്, ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഈ ആക്രമണങ്ങളിൽ നിന്നും ജീവനക്കാർക്കും പൊതുജനങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അനധികൃത മണ്ണ്/മണൽ കടത്ത് തടയുന്നതിനും എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവളം വഴി അനധികൃത മനുഷ്യക്കടത്ത്

2190 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി രാജ്യാന്തര വിമാനത്താവളം വഴി വിദേശങ്ങളിലേയ്ക്ക് അനധികൃത മനുഷ്യക്കടത്ത് നടത്തിയ കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ എത്രപേരെ സർക്കാർ അറസ്റ്റ് ചെയ്തു; അതിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ അറസ്റ്റിലായെന്നും അവർ ആരെല്ലാമെന്നും പേരും, വഹിക്കുന്ന പദവിയുമുൾപ്പെടെ വ്യക്തമാക്കുമോ;

(ബി) നെടുമ്പാശ്ശേരി വിമാനത്താവളം വഴിയുള്ള മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ടെന്നാണ് സർക്കാർ കണക്കാക്കുന്നത്; ഇതിൽ ഉൾപ്പെട്ട മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും അറസ്റ്റ് ചെയ്ത് നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സ്ത്രീകളോട് മോശമായി പെരുമാറുകയും സേനയക്ക് കളങ്കമുണ്ടാക്കുകയും ചെയ്തതടക്കം എത്ര പോലീസ് ഉദ്യോഗസ്ഥരെ സേനയിൽനിന്നും പിരിച്ചുവിടാൻ നടപടി തുടങ്ങി; അവർ ആരെല്ലാമെന്നും വഹിക്കുന്ന പദവിയുമുൾപ്പെടെ വ്യക്തമാക്കുമോ;

(ഡി) മദ്യപിച്ച് ക്രിമിനൽ കേസിൽ ഉൾപ്പെട്ട എത്ര പോലീസ് ഉദ്യോഗസ്ഥരെ ലഹരി ചികിത്സാ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുവാൻ സർക്കാർ തീരുമാനിച്ചു; ഇതിന്റെ ചെലവ് സർക്കാരാണോ വഹിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) 2012 ജനുവരി മുതൽ ഡിസംബർ 31 വരെ എത്ര പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസിൽ പ്രതികളായി; വഹിക്കുന്ന പദവിയുൾപ്പെടെ എത്രയെണ്ണമെന്ന്

തരംതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ കൈക്കൂലി വാങ്ങുന്നതിനിടെ പിടിയിലായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചു; പദവി ഉൾപ്പെടെ എത്രയെണ്ണമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ജി) ഇപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ വിവിധ കേസുകളിലായി എത്ര പോലീസ് ഉദ്യോഗസ്ഥർ ശിക്ഷ അനുഭവിക്കുന്നു; അവർ ആരെല്ലാമെന്നും നേരത്തെ അവർ വഹിച്ചിരുന്ന പദവി എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മനുഷ്യക്കടത്ത്</u>

2191 ശ്രീ. ഇ.ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ. വി.ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്തേയ്ക്ക് മനുഷ്യക്കടത്ത് നടത്തിയതിന്റെ പേരിൽ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്; ഈ കേസ്സുകൾ സംബന്ധിച്ച് ഏതെല്ലാം തരത്തിലുളള അന്വേഷണങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം കാലഘട്ടങ്ങളിലാണ് മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട കേസ്സുകൾ ഉണ്ടായിട്ടുളളതെന്ന് വെളിപ്പെടുത്തുമോ;

(സി) മനുഷ്യക്കടത്തിലൂടെ നിരവധി തീവ്രവാദികൾ വിദേശത്തേയ്ക്ക് കടന്നിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തീവ്രവാദികളെ കടത്താൻ സഹായിച്ചവർക്കെതിരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് ആക്ടിൽ കാലോചിതമായ പരിഷ്കരണം</u>

2192 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ആക്ട് കാലോചിതമായി പരിഷ്കരിക്കുമോ;

(ബി) പോലീസുദ്യോഗസ്ഥർക്കെതിരായ പരാതികളും അഴിമതിക്കേസുകളും അന്വേഷിക്കുന്നതിനായി പോലീസിതര വിഭാഗങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വിംഗ് രൂപീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പോലീസ് സേനയിലെ വനിതാ പോലീസുകാർ</u>

2193 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ വനിതാ പോലീസുകാരുടെ തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ; എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, ആയതിനുള്ള സംവിധാനം ഉറപ്പുവരുത്തുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മാഫിയാ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർ</u>

2194 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ സ്വഭാവദൂഷ്യത്തിന് എത്ര പോലീസ് ഓഫീസർമാരെയാണ് പിരിച്ചുവിടാൻ നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വഭാവദൂഷ്യവും മാഫിയാ ബന്ധവുമുള്ള പോലീസ് ഉദ്യോഗസ്ഥൻമാരെ കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>1991- വനിതാ പോലീസ് ബാച്ച് പ്രൊമോഷൻ സംബന്ധിച്ച്</u>

2195 ശ്രീ. എ. എ അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1991 ബാച്ചിലെ വനിതാ പോലീസുകാരിൽ സി.ഐ റാങ്ക് മുതൽ എച്ച്. സി റാങ്ക് വരെയുളളവർ നിലവിലുളള തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.സി തസ്തികയിൽ നിന്നും എസ്.ഐ മാരായി പ്രൊമോഷൻ ലഭിക്കുവാനുളളവർക്ക് പ്രൊമോഷൻ നൽകുന്നതിനുളള തടസ്സം വ്യക്തമാക്കുമോ;

(സി) 1991 ബാച്ചിൽപ്പെട്ട എത്ര വനിതാ എച്ച്.സി മാർക്കാണ് ഇനി പ്രൊമോഷൻ നൽകുവാനുളളത്;

(ഡി) നിലവിലുളള വനിതാ എസ്.ഐ മാരുടെ ഒഴിവിലേക്ക് 1991 ബാച്ചിൽപ്പെട്ട വനിതാ എച്ച്.സി മാരെ എസ്.ഐ മാരായി പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ ഡ്രൈവര്‍മാരുടെ ഒഴിവുകള്‍ നികത്തുന്നതിന് നടപടി</u>

2196 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് വകുപ്പില്‍ ആവശ്യത്തിനു ഡ്രൈവര്‍മാര്‍ ഇല്ല എന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവര്‍മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(സി) എത്ര ഒഴിവുകളാണ് പി.എസ്.സിക്ക് റിപ്പോര്‍ട്ടു ചെയ്തിട്ടുള്ളത്;

(ഡി) പോലീസ് വകുപ്പിലെ ഡ്രൈവര്‍മാരുടെ ഒഴിവുകള്‍ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ജനമൈത്രി പോലീസ് പദ്ധതി

2197 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി നടപ്പാക്കിയ പോലീസ് സ്റ്റേഷനുകളിൽ, ഇതിനായി ആവശ്യത്തിന് പോലീസുകാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി, ചാലക്കുടി പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് പോലീസ് ഉദ്യോഗസ്ഥർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## സബ് ഇൻസ്പെക്ടറുടെ നടപടി ദോഷങ്ങൾ അന്വേഷിക്കാൻ നടപടി

2198 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ശ്രീ. വിപിൻകുമാറിന്റെ നടപടി ദോഷങ്ങൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രസ്തുത ഓഫീസ് ഉൾക്കൊള്ളുന്ന നിയോജക മണ്ഡലത്തിലെ നിയമസഭാംഗം പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും പ്രസ്തുത പരാതി ഏത് ഉദ്യോഗസ്ഥനാണ് അന്വേഷിക്കുന്നതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പരാതിയിൽ നാളിതുവരെ ഉണ്ടായ അന്വേഷണ പുരോഗതിയും നടപടിയും വ്യക്തമാക്കുമോ;

(സി) ഭരണഘടനാപരമായി അർപ്പിതമായ ചുമതലകൾ നിർവ്വഹിക്കുവാൻ ബാദ്ധ്യതപ്പെട്ട നിയമസഭാ സാമാജികനോടുള്ള സംഭാഷണത്തിലും, പെരുമാറ്റത്തിലും അന്വേഷണ നടപടികളിലും കുറ്റകരമായ വീഴ്ച കാണിച്ചിട്ടുള്ള ഈ പോലീസ് ഉദ്യോഗസ്ഥനെതിരെ മാതൃകാപരമായ ശിക്ഷണ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സ്വഭാവദൂഷ്യമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

2199 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിൽ സ്വഭാവദൂഷ്യവുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്കായി എ.ഡി.ജി.പി. മാരുടെ സമിതി റിപ്പോർട്ട് നൽകിയിട്ടുണ്ട് ;

(ബി) ഇവരെ സർവ്വീസിൽ നിന്നും പിരിച്ചു വിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

പോലീസ് സേനയിൽ ജോലിചെയ്യുന്നവരുടെ സമുദായം തിരിച്ചുള്ള പട്ടിക

2200 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാപോലീസ് സേനയിൽ ഇപ്പോൾ ജോലിചെയ്യുന്ന സർക്കിൾ ഇൻസ്പെക്ടർ മുതൽ ഡി.ജി.പി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥരുടെ (ഐ.പി.എസ് &നോൺ ഐ.പി.എസ്) സമുദായം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) ലോക്കൽ പോലീസ് വിഭാഗത്തിൽ, ലാ ആന്റ് ഓർഡറിൽ ജോലിനോക്കുന്നവരുടെ സമുദായം തിരിച്ചുള്ള പ്രത്യേകം, പ്രത്യേകം പട്ടിക ലഭ്യമാക്കുമോ;

(സി) മേൽ പറഞ്ഞ വിഭാഗത്തിൽ ന്യൂനപക്ഷസമുദായ അംഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) പോലീസ് സേനയിൽ വിവിധ വിഭാഗങ്ങളിൽ ആകെ ജോലിനോക്കുന്ന ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുക. ഇതിൽ, ന്യൂനപക്ഷ സമുദായ അംഗങ്ങൾ ഓരോ വിഭാഗത്തിലും എത്ര എന്ന് വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരുടെ പട്ടിക</u>

2201 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ, ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പ്രൊമോഷൻ കിട്ടാനുള്ള വനിതാ ഹെഡ്കോൺസ്റ്റബിൾ മാരുടെ എണ്ണം</u>

2202 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1991-ലെ ബാച്ചിലെ വനിതാഹെഡ് കോൺസ്റ്റബിൾമാരിൽ, എത്രപേർക്കാണ് ഇനി വനിതാ സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ ലഭിക്കാനുള്ളത്;

(ബി) ഇവരുടെ പ്രൊമോഷൻ നടപടികൾ ഏതുഘട്ടത്തിലാണ്;

(സി) ആയതു സംബന്ധിച്ച് സർക്കാരിന് നിലവിൽ സാമ്പത്തിക ബാധ്യതയുണ്ടാകുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ വനിതാപ്രാതിനിധ്യത്തിൽ വർദ്ധന</u>

2203

ശ്രീ. ജി. സുധാകരൻ
,, രാജു എബ്രഹാം
,, എ. പ്രദീപ് കുമാർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ, വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതായ സാഹചര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ബി) നിലവിലുള്ള പ്രാതിനിധ്യം എത്ര ശതമാനമായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് വനിതകൾക്ക്, പ്രക്ഷോഭണത്തിൽ ഏർപ്പെടേണ്ട സാഹചര്യം ശക്തമായിട്ടുള്ളതിനാൽ, വനിതകളെ സമരരംഗത്തുനിന്ന് നീക്കം ചെയ്യുന്നതിന്, വനിതാ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാരിന് ശുപാർശ ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ സേവനാവകാശ നിയമം</u>

2204 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം പോലീസ് വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിൽ, ഏതൊക്കെ സേവനങ്ങളാണ് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>കാസറഗോഡ്, ഫയർ ഫോഴ്സ് സ്റ്റേഷൻ</u>

2205 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ്, ഫയർ ഫോഴ്സ് സ്റ്റേഷൻ കെട്ടിടത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടിഞ്ഞുവീഴാറായ കെട്ടിടം അടിയന്തിരമായി പൊളിച്ച് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ? വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി (പാലക്കാട് ജില്ല) ഫയർ & റെസ്ക്യൂ സ്റ്റേഷൻ</u>

2206 ശ്രീ. ഏ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി (പാലക്കാട് ജില്ല) ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പുതിയ മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ;

(ഡി) വടക്കഞ്ചേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ പരിസരത്ത് നിന്നും അനുവദിച്ച ഭൂമി, വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ടോ ;

(ഇ) കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ പരിസരത്തുനിന്നും നിർദ്ദിഷ്ട ഫയർ സ്റ്റേഷനിലേക്ക്, വഴിക്കുള്ള സ്ഥലം വിട്ടുതരാൻ കെ.എസ്.ഇ.ബി. തയ്യാറായിട്ടുണ്ടോ ;

(എഫ്) ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എത്രയെന്ന് വ്യക്തമാക്കുമോ ; നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം</u>

2207 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വിജിലൻസ് കോടതികളിൽ നിന്നും റഫർ ചെയ്ത ഏതെല്ലാം കേസ്സുകളിൽ, വിജിലൻസ് അന്വേഷണം നടത്തി വരുന്നുണ്ടെന്ന് ജില്ല തിരിച്ച്, വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം കേസ്സുകൾ, ഏതെല്ലാം ഉദ്യോഗസ്ഥരുടെ അന്വേഷണത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) അന്വേഷണം പൂർത്തിയായ കേസ്സുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

സൈൻ ബോർഡ് അഴിമതി കേസ്

2208 ശ്രീ. എസ്. ശർമ്മ
'' കെ. കുഞ്ഞിരാമൻ (ഉദുമ)
'' റ്റി. വി. രാജേഷ്
'' പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഉന്നതർക്കെതിരെ 500 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ട സൈൻ ബോർഡ് അഴിമതിക്കേസ് എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടുള്ള വിജിലൻസിന്റെ ഹർജി, കോടതി തള്ളിക്കളയുകയുണ്ടായോ;

(ബി) വിജിലൻസ് നൽകിയ ഹർജിയിൽ, കോടതിയുടെ നിർദ്ദേശം എന്തായിരുന്നു; ഇതു സംബന്ധിച്ച് അന്വേഷണം തുടരുന്നുണ്ടോ;

(സി) മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ സൈൻബോർഡ് സ്ഥാപിക്കാനുള്ള കരാറിന്റെ മറവിൽ നടന്നതായി പറയുന്ന അഴിമതി ആരോപണം എന്തായിരുന്നു; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

**കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിജിലൻസ് അന്വേഷണം**

2209 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 8142/E2/11/VIG പ്രകാരം വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, നാഷണൽ ബുക്ക് ട്രസ്റ്റിന്റെ ഒരു വ്യാജരേഖ തയ്യാറാക്കി എന്നതും തളിര് മാസിക പ്രസിദ്ധീകരിക്കുന്നതിലെ സാമ്പത്തിക നഷ്ടത്തെ സംബന്ധിച്ചും പ്രസ്തുത അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത റിപ്പോർട്ടിൻമേൽ നാളിതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ

2210 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച് സർക്കാർ നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിൽ, പ്രസ്തുത സ്ഥാപനത്തിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടികൾ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിജിലൻസ് അന്വേഷണത്തിനിടയാക്കിയ പരാതികളിൽ ഏതെങ്കിലും കഴമ്പുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാർ</u>

2211 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം അന്വേഷണം പൂർത്തിയാക്കിയ ഏതെങ്കിലും കേസിൽ ഏതെങ്കിലും മന്ത്രിയുടെ പേരിലുള്ള ആരോപണം തെളിയിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ, ഏത് കേസ്സിൽ ഏത് മന്ത്രിയുടെ കാര്യത്തിലെന്നറിയിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് കണ്ടുവെന്ന
കെ. സുധാകരൻ എം.പി.യുടെ വെളിപ്പെടുത്തൽ

2212 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് കണ്ടുവെന്ന കെ. സുധാകരൻ എം.പി.യുടെ വെളിപ്പെടുത്തൽ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടക്കുന്നുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സി.ബി.ഐ. ചെന്നൈ യൂണിറ്റിൽനിന്നും കേരള പോലീസിന് കത്ത് ലഭിച്ചിരുന്നോ;

(സി) പ്രസ്തുത കത്തിന്റെ ഉള്ളടക്കം വ്യക്തമാക്കാമോ; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കത്ത് എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കത്തിന്റെ പകർപ്പ് വിജിലൻസിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈമാറിയത്?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാര്‍ക്കെതിരെയുള്ള ക്രിമിനല്‍ കേസ്</u>

2213 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ജീവനക്കാരെ ക്രിമിനല്‍ കേസില്‍പ്പെടുത്തി വ്യക്തിവൈരാഗ്യം തീര്‍ക്കുന്നതു തടയുന്നതിന് നിയമ നിര്‍മ്മാണം കൊണ്ടുവരുമോ;

(ബി) പോലീസില്‍ നിന്നും വിജിലന്‍സ് വിഭാഗം സ്വതന്ത്രമാക്കി, സര്‍വ്വീസ് വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ ഉള്‍പ്പെടുത്തി, പുതിയ യൂണിറ്റ് രൂപീകരിക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണത്തിന് യോഗ്യമായ കുറ്റകൃത്യങ്ങൾ</u>

2214 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണത്തിന് യോഗ്യമായ കുറ്റകൃത്യങ്ങളേതെല്ലാമായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇതിന്റെ പരിധിയിൽ വരാത്ത കുറ്റകൃത്യങ്ങളുടെ അന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഏല്പിക്കാറുണ്ടോ; എങ്കിൽ, അതിന്റെ സാഹചര്യം വിശദമാക്കാമോ;

(സി) വിജിലൻസ് കേസുകൾ പിൻവലിക്കാറുണ്ടോ; എങ്കിൽ, അതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ, എത്രയെണ്ണമെന്നും, ഓരോന്നും പിൻവലിച്ചതിന്റെ മാനദണ്ഡമെന്തായിരുന്നെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

കൊച്ചി ബിനാലെയിലെ സാമ്പത്തിക ക്രമക്കേടുകളെകുറിച്ച് വിജിലൻസ് അന്വേഷണം

2215 ശ്രീ. ബെന്നി ബെഹനാൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ഷാഫി പറമ്പിൽ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ കൊച്ചി ബിനാലെയിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച്, വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് ഇതിനെക്കുറിച്ച് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ;

(സി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ആർക്കെല്ലാമെതിരെയാണ് വിജിലൻസ് അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

വിജിലൻസ് കേസുകൾ

2216 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) ഇവ ഓരോന്നും ഏതൊക്കെ കേസ്സുകൾ എന്ന് വ്യക്തമാക്കാ
മോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

<u>പിൻവലിച്ച വിജിലൻസ് കേസ്സുകൾ</u>

2217 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ പിൻവലിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ സർക്കാർ ഉദ്യോഗസ്ഥൻമാർക്കെതിരെയുള്ള എത്ര വിജിലൻസ് കേസ് പിൻവലിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ സബ് ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി</u>

2218 ശ്രീ. ജി.സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സബ്ജയിൽ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പോലീസ് വകുപ്പിന്റെ കീഴിലുള്ള സ്ഥലം പുതിയ ജയിൽ കെട്ടിടം നിർമ്മിക്കുവാൻ ജയിൽ വകുപ്പിന് വിട്ടുനൽകാൻ നടപടി സ്വീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച് അമ്പലപ്പുഴ എം.എൽ.എ നൽകിയ നിവേദനം പരിഗണനയിൽ ഉണ്ടോ;

(ഡി) പോലീസ് വകുപ്പിന്റെ സ്ഥലം ജയിൽ വകുപ്പിന് ലഭ്യമാക്കാൻ തടസ്സമുണ്ടെങ്കിൽ, നിലവിലുള്ള പഴയ ജയിൽ കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ തുക ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) എം.എൽ.എ. യുടെ നിയോജകമണ്ഡലം വികസന പദ്ധതിയിൽ നിന്നും ആവശ്യമായ ഫണ്ട് നൽകിയാൽ കെട്ടിടം നിർമ്മിക്കാമോ; എത്ര തുക വേണ്ടി വരുമെന്ന് അറിയിക്കാമോ ?

(എഫ്) ജയിൽ മുറികളിൽ എം.എൽ.എ ഫണ്ടിൽ നിന്നും ടെലിവിഷൻ വാങ്ങി സ്ഥാപിക്കുവാൻ ജയിൽ വകുപ്പ് അനുമതി നൽകുമോ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

അന്യസംസ്ഥാനങ്ങളിൽ ജയിലിൽ കിടക്കുന്ന
വിചാരണത്തടവുകാർ

2219 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നും 'സക്കരിയ്യ' എന്ന യുവാവിനെ കർണ്ണാടക പോലീസ് പിടിച്ചുകൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളാ പോലീസിനെ അറസ്റ്റുവിവരം അറിയിച്ചിട്ടുണ്ടോ;

(സി) നാലുവർഷമായി ജാമ്യം ലഭിക്കാതെ ജയിലിൽ കിടക്കുന്ന സക്കരിയ്യയ്ക്കു ജാമ്യം ലഭിക്കാൻ സർക്കാർ ഇടപെടുമോ;

(ഡി) പ്രസ്തുത വ്യക്തിക്ക് ഒരു അഭിഭാഷകനെ നിശ്ചയിച്ചു നൽകാൻ സർക്കാർ തയ്യാറാവുമോ;

(ഇ) വിദേശത്ത് ജയിലിൽ കഴിയുന്നവർക്കു നൽകുന്ന വിധത്തിൽ, അന്യസംസ്ഥാനങ്ങളിൽ ജയിലിൽ കിടക്കുന്ന വിചാരണത്തടവുകാർക്ക് നിയമസഹായം നൽകുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>മരണമടഞ്ഞ തടവുകാരുടെ വിവരം</u>

2220 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തടവുകാർ മരണമടഞ്ഞിട്ടുണ്ട്;

(ബി) മർദ്ദനമേറ്റ് മരിച്ചവർ, ആത്മഹത്യ ചെയ്തവർ, ആശുപത്രിയിൽ മരിച്ചവർ എന്നീവിവരങ്ങൾ ജയിൽ തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര മാൻമിസ്സിംഗ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>വനിതാ തടവുകാര്‍</u>

2221 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജയിലുകളില്‍ ശിക്ഷിക്കപ്പെട്ട എത്ര വനിതാ തടവുകാര്‍ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കരുതല്‍ തടങ്കലില്‍ എത്ര വനിതകളെ വിചാരണ തടവുകാരായി പാര്‍പ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>അന്യരാജ്യങ്ങളിലെ ജയിലുകളിലുള്ള കേരളീയരായ തടവുകാർ</u>

2222 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യരാജ്യങ്ങളിലെ ജയിലുകളിൽ കേരളീയരായ എത്രപേർ തടവുകാരായുണ്ടെന്നതു സംബന്ധിച്ച് ആഭ്യന്തരവകുപ്പിൽ ലഭ്യമായ കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഇവരുടെ മോചനവുമായി ബന്ധപ്പെട്ട് സംസ്ഥാന ആഭ്യന്തരവകുപ്പ് നൽകേണ്ടുന്ന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ടോയെന്നും ഏതെങ്കിലും വിദേശമലയാളി തടവുകാരുടെ മോചനവുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ട റിപ്പോർട്ട് ഇനിയും ലഭ്യമാക്കുവാനുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകൾ ആവശ്യപ്പെട്ടതെപ്പോഴാണെന്നും മറുപടി നൽകിയതെപ്പോഴാണെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവൺമെന്റ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര മലയാളികൾ മോചനം നേടി നാട്ടിൽ എത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

വിചാരണത്തടവുകാരുടെ ജയിൽ മാറ്റം സംബന്ധിച്ച സുപ്രീം കോടതി വിധി

2223 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിചാരണത്തടവുകാരുടെ ജയിൽ മാറ്റം സംബന്ധിച്ച് സുപ്രീം കോടതി 2012 നവംബറിൽ പുറപ്പെടുവിച്ച വിധി എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ വിചാരണത്തടവുകാരനായ ടി. കെ. രജീഷിനെ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും കോഴിക്കോട് ജയിലിലേക്ക് മാറ്റിയത് ആരുടെ ഉത്തരവ് പ്രകാരമാണെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ ;

(സി) ടി. കെ. രജീഷിനെ വിചാരണത്തടവുകാരനായി പാർപ്പിക്കേണ്ട ജയിൽ സംബന്ധിച്ച് തലശ്ശേരി ചീഫ് ജുഡീഷ്യൽ കോടതിയുടെ ഉത്തരവ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോഴത്തെ ജയിൽ മാറ്റം സുപ്രീം കോടതി വിധിയുടേയും ചീഫ് ജുഡീഷ്യൽ കോടതിവിധിയുടേയും ലംഘനമല്ലേ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന കേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർക്ക് നാട്ടിൽ പോകുവാൻ അനുമതി നൽകിയ നടപടി

2224 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറബിക്കടലിൽ രണ്ട് മലയാളി മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്നകേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർക്ക് നാട്ടിൽ പോകുവാൻ അനുമതി നൽകിക്കൊണ്ടുള്ള കോടതി ഉത്തരവ് ആഭ്യന്തര വകുപ്പിന് ലഭിച്ചത് ഏതു ദിവസം ഏതു സമയത്താണെന്നു വ്യക്തമാക്കുമോ;

(ബി) ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് ജയിൽ അധികൃതർക്ക് ഏതു ദിവസം ഏതു സമയത്ത് എത്തിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ജയിലിലെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഇറ്റാലിയൻ നാവികരെ ജയിലിൽ നിന്ന് ഏതു ദിവസം, ഏതു സമയം പുറത്തിറക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇറ്റാലിയൻ നാവികർ ഏതു ദിവസം, ഏതു സമയത്തെ വിമാനത്തിലാണു അവരുടെ രാജ്യത്തിലേക്കു പുറപ്പെട്ടതെന്നു വ്യക്തമാക്കുമോ;

(ഇ) ഇന്നാട്ടുകാരായ തടവുകാർക്കും ഓണം, വിഷു, ക്രിസ്തുമസ്, റംസാൻപോലുള്ള ആഘോഷവേളകളിൽ നാട്ടിൽ പോകുന്നതിന് അനുമതി നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

ജയിലുകളിൽ വിമുക്തഭടന്മാരുടെ നിയമനം

2225 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജിയിലുകളിൽ സുരക്ഷയ്ക്കായി വിമുക്തഭടന്മാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഓരോ ജയിലിലും എത്രപേർ വീതമുണ്ടെന്നും അവരുടെ ചുമതലകൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇവർക്ക് നൽകിവരുന്ന വേതനം എത്രയാണെന്നും ഓരോ മാസവും വേതനം വിതരണം ചെയ്യുന്നതെന്നാണെന്നും അറിയിക്കുമോ ;

(ഡി) തൃശ്ശൂർ ജില്ലയിലെ വിയ്യൂർ സെൻട്രൽ ജയിലിലെ സുരക്ഷാ ജോലിയിലുള്ള വിമുക്ത ഭടന്മാർക്ക് വേതനം ലഭിക്കുവാനുണ്ടായ കാലതാമസത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ, കുടിശ്ശിക എത്രമാസമുണ്ടായിരുന്നെന്നും ആയത് വിതരണം ചെയ്തിട്ടുണ്ടെങ്കിൽ, അതിന്റെ വിശദാംശങ്ങളും
ലഭ്യമാക്കാമോ ;

(എഫ്) ഭാവിയിൽ എല്ലാ ജയിലുകളിലും ഇപ്രകാരം വേതനക്കുടിശ്ശിക ഉണ്ടാകുകയില്ലെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.02.2013-ലെ മറുപടിക്ക്

**കേരളത്തിലെ ജയിലുകളിലെ അന്യരാജ്യക്കാരായ എത്ര തടവുകാര്‍**

2226 ശ്രീ. ഇ.പി.ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആഭ്യന്തരവും വിജിലന്‍സും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ജയിലുകളില്‍ അന്യരാജ്യക്കാരായ എത്ര തടവുകാരുണ്ടെന്നും അവര്‍ ഏതെല്ലാം കേസ്സുകളില്‍ ശിക്ഷിക്കപ്പെട്ടാണ് തടവുശിക്ഷ അനുഭവിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ഇവരില്‍ ആരെയെങ്കിലും വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് അവരുടെ രാജ്യങ്ങള്‍ കോടതി മുഖേനയോ കേന്ദ്ര ഗവണ്‍മെന്റ് മുഖേനയോ അപേക്ഷിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകള്‍ പ്രകാരം എത്ര തടവുകാരെ അവരുടെ രാജ്യങ്ങളിലേയ്ക്കയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>ജയിലുകളിൽ തടവുകാർ ഒട്ടിച്ച ചിത്രങ്ങൾ</u>

2227 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ നിന്ന് തടവുകാർ ഒട്ടിച്ച എത്ര ചിത്രങ്ങൾ എടുത്തുമാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മാറ്റിയ ചിത്രങ്ങളിൽ മതപരമായ ചിത്രങ്ങൾ, രാഷ്ട്രീയ നേതാക്കളുടെ ചിത്രങ്ങൾ, സിനിമാ താരങ്ങളുടെ ചിത്രങ്ങൾ, കായിക താരങ്ങളുടെ ചിത്രങ്ങൾ എന്നിവ എത്രയാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

മെയിൽ വാർഡന്മാരുടെ നിയമനം നടത്തുന്നതിനുള്ള നടപടി

2228 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ നിലവിലുള്ള മെയിൽ വാർഡന്മാരുടെ ഒഴിവുകൾ സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര മെയിൽ വാർഡൻ തസ്തികകളാണ് വെട്ടിക്കുറച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഒഴിവുള്ള തസ്തികകളിലേയ്ക്ക് 2013 മാർച്ച് 31-നകം നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.02.2013-ലെ മറുപടിക്ക്

<u>പുതിയ ജയിലുകൾ</u>

2229 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കാനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരം ജയിലുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതിയിൽ രൂപം നൽകിയിരിക്കുന്നത് ;

(സി) ഇതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട്;

(ഡി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭ്യമാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?